# CURRENT AFFAIRS 07 MAY 2025

- **2025 മെയിൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനായി എത്തിയ അംഗോള പ്രസിഡന്റ്**

  ജോവോ മാനുവൽ ഗോൺകാൽവ്സ് ലോറെൻസോ



ജോവോ ലോറെൻസോ

---

- **സംസ്ഥാനത്തെ മുഖ്യ വനം മേധാവിയായി നിയമിതനായത്**

  രാജേഷ് രവീന്ദ്രൻ



രാജേഷ് രവീന്ദ്രൻ

---

- **രാഷ്ട്രീയനേതാവും എഴുത്തുകാരനും 'മാതൃഭൂമി' ചെയർമാനും മാനേജിങ് ഡയറക്ടറുമായിരുന്ന എം.പി.വീരേന്ദ്രകുമാറിന്റെ സ്മരണക്കായി ഏർപ്പെടുത്തിയ പ്രഥമ എം.പി. വീരേന്ദ്രകുമാർ മെമ്മോറിയൽ നാഷണൽ തോട്ട് ലീഡർഷിപ്പ് പുരസ്കാരത്തിന് അർഹനായത്**

  പാണ്ഡുരംഗ ഹെഗ്ഡേ
  - പ്രകൃതിക്കും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി ജീവിതം സമർപ്പിച്ച ഹെഗ്ഡേയുടെ പ്രവർത്തനങ്ങളെ മാനിച്ചാണ് പുരസ്കാരം.
  - അപ്പിക്കോ പ്രസ്ഥാനത്തിന്റെ സ്ഥാപകനാണ് പാണ്ഡുരംഗ ഹെഗ്ഡേ. സുന്ദർലാൽ ബഹുഗുണയിൽ നിന്നും അദ്ദേഹത്തിന്റെ ചിപ്കോ പ്രസ്ഥാനത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ടാണ് പാണ്ഡുരംഗ ഹെഗ്ഡേ അപ്പിക്കോ പ്രസ്ഥാനം രൂപവത്കരിച്ചത്.
  - പരിസ്ഥിതി, തത്ത്വചിന്ത, സാഹിത്യം, രാഷ്ട്രീയം, സാമൂഹിക, മനുഷ്യാവകാശ പ്രവർത്തനം എന്നീ മേഖലകളിൽ സ്തുത്യർഹമായ സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് എം.പി. വീരേന്ദ്രകുമാർ മെമ്മോറിയൽ നാഷണൽ തോട്ട് ലീഡർഷിപ്പ് പുരസ്കാരം നൽകുന്നത്.



പാണ്ഡുരംഗ ഹെഗ്ഡേ

---

- **ലോകത്തെ ഏറ്റവും വലിയ വൈദ്യുത കപ്പൽ**

  ഹൾ 096
  - പ്രശസ്ത ബോട്ട് നിർമ്മാതാക്കളായ ടാസ്മാനിയ ആസ്ഥാനമായുള്ള ഇൻകാറ്റ് എന്ന കമ്പനിയാണ് കപ്പൽ നിർമ്മിച്ചത്.
  - ദക്ഷിണ അമേരിക്കൻ ഫെറി ഓപറേറ്ററായ ബുക്ബസിനായാണ് കപ്പൽ നിർമ്മിച്ചത്. അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിനും ഉറുഗ്വേക്കും ഇടയിലായിരിക്കും സർവീസ് നടത്തുക.



---

- **തെഫ്റ്റ് എന്ന പുസ്തകത്തിന്റെ രചയിതാവ്**

  അബ്ദുൽറസാഖ് ഗുർണ

